## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2187** **22.01.2014-ൽ മറുപടിയ്ക്ക്**

### കളരി അക്കാദമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.ലതിക | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | പരമ്പരാഗത ആയോധന കലയായ കളരിപ്പയറ്റ് മുതലായ കാര്യങ്ങൾ പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | പരമ്പരാഗത ആയോധനകലയായ കളരിപ്പയറ്റ് പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കളരിപ്പയറ്റ് അസോസിയേഷന് സംസ്ഥാനത്ത് ഉടനീളം ജില്ല/സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് വർഷാവർഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും ഗ്രാന്റ് നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇതു കൂടാതെ പത്തനംതിട്ട ഒഴികെയുള്ള 13 ജില്ലകളിലും ജില്ലാ കലക്ടർ ശുപാർശചെയ്യുന്ന കളരി സംഘങ്ങൾക്ക്, 7 മുതൽ 14 വയസ് വരെയുള്ള 30 കുട്ടികൾക്ക് കളരി പരിശീലനം നൽകുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെ കായിക യുവജനകാര്യാലയത്തിൽ നിന്ന് പ്രവർത്തനഫണ്ട് നൽകുന്ന പദ്ധതിയും നിലവിലുണ്ടായിരുന്നു. ഇത് 2012-13 വർഷം മുടങ്ങിയിരുന്നെങ്കിലും 2013-14 വർഷം നൽകാൻ തീരുമാനമായിട്ടുണ്ട്. ഇവയ്ക്ക് പുറമേ കളരിപ്പയറ്റ് എന്ന പരമ്പരാഗത ആയോധനകല നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി തിരുവനന്തപുരത്തും കോഴിക്കോട് വടകരയിലും കളരി അക്കാദമികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | നിലവിലുള്ള കളരി അക്കാദമിക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | (ബി) | 19.04.1996-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി)1370/94/പൊ.വി.വ പ്രകാരം പൂവാറിലെ മാർഷ്യൽ ആർട്സ് അക്കാദമിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ട്രെയിനിംഗ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി 12,21,000/- രൂപ അടങ്കൽ തുകയായി നിശ്ചയിച്ച് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഭരണാനുമതി നൽകി. ഇതിൽ ഹോസ്റ്റലും ഡൈനിംഗ് ഹാളും നിർമ്മിക്കുന്നതിന് 7,89,415/- രൂപ നിർമ്മിതി കേന്ദ്ര ആവശ്യപ്പെടുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽനിന്നും 6,34,417/- രൂപ അനുവദിക്കുകയും ചെയ്തു. 2008-09 സാമ്പത്തിക വർഷം കളരിപ്പയറ്റ് |

പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് അധിക ധനസഹായമായി 28 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ 10 വർഷമായിട്ടും ടി അക്കാദമിയുടെ പ്രവർത്തനം പൂർണ്ണതോതിൽ നടപ്പിലാവാതെ ടി കെട്ടിടങ്ങൾ ജീർണ്ണിച്ച് മോശമായ രൂപത്തിലായതിനാലും അതിന്റെ പണി പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കുന്നതിന് വളരെയേറെ സാമ്പത്തിക ചെലവ് വരുന്നതാണെന്ന് മനസ്സിലാക്കിയതിനാലും പൂവാറിലെ അക്കാദമിക്കുള്ള സ്ഥലം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോ കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനോ ഏറ്റെടുത്ത് കളരി അക്കാദമി സ്ഥാപിക്കുന്നതിന്, പകരം സ്ഥലം തിരുവനന്തപുരം ജില്ലയിലെ മറ്റൊരിടത്ത് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടൂറിസം വകുപ്പിനെ സമീപിച്ചിട്ടുണ്ട്.

2004-05-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് വടകരയിൽ കളരി അക്കാദമി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. 03.06.2005-ൽ വടകര മുനിസിപ്പാലിറ്റി അവരുടെ കൈവശമുള്ള പുതുപ്പണത്തെ കമ്മ്യൂണിറ്റി ഹാൾ കളരി അക്കാദമിയുടെ പ്രവർത്തനത്തിനായി മൂന്ന് വർഷത്തേക്ക് സൗജന്യമായി വിട്ടുതന്നതിനാൽ 02.07.2005-ൽ കളരി അക്കാദമിയുടെ ആഫീസ് പ്രവർത്തനമാരംഭിച്ചു. 2005-06 സാമ്പത്തിക വർഷം ടി കളരിയുടെ പ്രവർത്തനത്തിനായി 1,98,460/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 03.03.2010-ലെ സർക്കാർ ഉത്തരവ് നമ്പർ 713/10/ത.സ്വ.വ പ്രകാരം വടകര നഗരസഭയിൽ ഉൾപ്പെടുന്ന മണിയൂർ വില്ലേജിലെ റീ സർവേ നമ്പർ 5-ൽ പ്പെട്ട ഒരേക്കർ സ്ഥലം ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തി കളരി അക്കാദമിക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇവിടെ കളരി അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ